

"ഏതൊരു വികസന പ്രവർത്തനം ഏറ്റെടുക്കുമ്പോഴും നാം ആദ്യം പരിഗണിക്കേണ്ടത് ഇത് സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെട്ടവനെ എങ്ങനെ ബാധിക്കുമെന്നതാണ് "

ഗാന്ധിജി

തിരൂർ ബ്ലോക്ക് പഞ്ചായത്ത്

പി. ഒ. തെക്കുമുറി, മലപ്പുറം ജില്ല
ഫോൺ : 04942422696
ഇമെയിൽ : bdotirmlpker@gmail.com

പൗരാവകാശരേഖ 2026

ഓഫീസ് പ്രവൃത്തി സമയം

രാവിലെ 10.00 മുതൽ വൈകീട്ട് 5.00 മണി വരെ

ഉച്ച ഭക്ഷണ സമയം 1.15 മുതൽ 2 വരെ

ആമുഖം

ജനങ്ങളുടെ അധികാരവും അവരുടെ അവകാശങ്ങളും തിരിച്ചറിയുമ്പോഴാണ് യഥാർത്ഥത്തിൽ അവർ പൌരൻമാരാകുന്നത്. പൌരാവകാശം സ്വായത്തമാക്കാൻ സാധ്യമാകുമ്പോഴാണ് രാജ്യ താൽപര്യം സംരക്ഷിക്കപ്പെടുന്നത്. അധികാരം ജനങ്ങളിലേക്ക് എത്തിയതിൻറെ മറ്റൊരു സൂചകമാണ് പൌരാവകാശരേഖയും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വന്തമായും കൈമാറി കിട്ടിയ സ്ഥാപനങ്ങൾ മുഖേനയും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ കുറിച്ച് അവർക്കറിവ് നൽകുന്നതിനാണ് പൌരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തുകളെക്കാൾ കുറവ് സേവനങ്ങളാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനാവുക. ഇത്തരത്തിൽ തിരൂർ ബ്ലോക്ക് പഞ്ചായത്തും അതിന് കീഴിലുള്ള ഘടക സ്ഥാപനങ്ങളും ജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങളുടെയും അതിനായി അവർ പൂർത്തീകരിക്കേണ്ട വ്യവസ്ഥകളെയും വ്യക്തമാക്കുന്ന ആധികാരിക രേഖയാണ് ഇത്. ജനങ്ങളുടെ അറിയാനുള്ള അവകാശത്തെ അംഗീകരിക്കുന്നതിനും ജനാധിപത്യം ഉറപ്പാക്കുന്നതിനും ഇതിലൂടെ സാധ്യമാകുന്നു. പൊതു കാര്യങ്ങളിലുള്ള അറിവ് വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതിനും ഈ പൌരാവകാശ രേഖയിലൂടെ കഴിയുന്നു.



പ്രിയമുള്ളവരേ.....

നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന് കീഴിലും വിട്ടുകിട്ടിയ ഘടക സ്ഥാപനങ്ങൾ മുഖേനയും പൊതുജനങ്ങൾക്ക് ലഭ്യമാവേണ്ട സേവനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പൌരാവകാശ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഈ ഭരണസമിതിക്കുള്ള സന്തോഷം പങ്കു വെക്കുകയാണ്.

ജനാധിപത്യ ക്രമത്തിൽ പൌരന് ലഭ്യമാകേണ്ടുന്ന സേവനങ്ങൾ എളുപ്പത്തിലും തടസ്സങ്ങൾ ഇല്ലാതെയും ലഭിക്കണമെങ്കിൽ നടപടിക്രമങ്ങളെ കുറിച്ചും വ്യസ്ഥകളെ കുറിച്ചും പൌരന് അറിവുണ്ടാകണം. പൌരന് ലഭിക്കേണ്ട സേവനങ്ങളെ കുറിച്ചും സമയക്രമത്തെ കുറിച്ചും അവർക്ക് ബോധ്യമുണ്ടെങ്കിൽ അനാവശ്യ കാലതാമസവും തടസ്സവും ഒഴിവാക്കാനാവും. സേവനങ്ങൾ ലഭ്യമാകേണ്ട സമയത്ത് കാലതാമസം കൂടാതെ ലഭിച്ചാൽ മാത്രമേ അതുകൊണ്ട് പ്രയോജനം ഉണ്ടാവുകയുള്ളു. അത്തരത്തിലുള്ള ഒരു അറിവ് ജനങ്ങളിലേക്ക് എത്തിക്കുക എന്നത് ഈ ഭരണസമിതിയുടെ കടമ കൂടിയാണ്. അതിന് വേണ്ടിയുള്ള പരിശ്രമത്തിൻറെ ഫലമാണ് ഈ പൌരാവകാശ രേഖ. ഈ ഉദ്യമത്തിന് വേണ്ടി പ്രവർത്തിച്ച നല്ലവരായ ഭരണസമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ, ഘടകസ്ഥാപന മേധാവികളും സഹപ്രവർത്തകരും എല്ലാവരോടുമുള്ള നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്.

സ്നേഹപൂർവ്വം

പ്രസിഡണ്ട്
തിരൂർ ബ്ലോക്ക് പഞ്ചായത്ത്

പൊതു വിവരങ്ങൾ

തിരൂർ ബ്ലോക്ക് പഞ്ചായത്ത്

വിസ്തൃതി	-	102.2 ച.കി.മീ
ആസ്ഥാനം	-	തെക്കുമുറി, തിരൂർ - 5

അതിരുകൾ

പടിഞ്ഞാറ്	-	അറബിക്കടൽ
കിഴക്ക്	-	കുറ്റിപ്പുറം ബ്ലോക്ക്
തെക്ക്	-	ഭാരതപ്പുഴ
വടക്ക്തി	-	തിരൂർ മുനിസിപ്പാലിറ്റി, താനൂർ ബ്ലോക്ക്
ജനസംഖ്യ	-	2,06,842 (2011 സെൻസസ്)
ജനസാന്ദ്രത	-	2024 / ച.കി.മീ
ബ്ലോക്ക് ഡിവിഷനുകൾ	-	17

ഗ്രാമപഞ്ചായത്തുകൾ		തിരുന്നാവായ
		തൃപ്രങ്ങോട്
		പുറത്തൂർ
		വെട്ടം
		തലക്കാട്
		മംഗലം
താലൂക്ക്	-	തിരൂർ
ജില്ല	-	മലപ്പുറം
അസംബ്ലി മണ്ഡലങ്ങൾ	-	തിരൂർ, തവനൂർ
പാർലമെന്റ് മണ്ഡലം	-	പൊന്നാനി
പാർലമെന്റ് അംഗം	-	എം പി അബ്ദുസ്സമദ് സമദാനി
നിയമസഭാ അംഗങ്ങൾ	-	ശ്രീ.കുറുക്കോളി മൊയ്തീൻ (തിരൂർ LAC)
	-	ശ്രീ.വി എസ് ജോയ് (തവനൂർ LAC)
ജില്ലാ പഞ്ചായത്ത് അംഗങ്ങൾ	-	കുമാരി.ആരതി പ്രദീപ്
		(മംഗലം ഡിവിഷൻ)
		ഷരീഫാ ബീവി എൻ പി
		(തിരുന്നാവായ ഡിവിഷൻ)
		മെഹറുന്നീസ കെ പി
		(രണ്ടത്താണി ഡിവിഷൻ)

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി

ക്രമ നം	പേര്, മേൽവിലാസം	ഫോൺ നമ്പർ	പ്രതിനിധീകരിക്കുന്ന ബ്ലോക്ക് ഡിവിഷനുകൾ	ഡിവിഷനിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വാർഡുകൾ
1	ഷബ്ന കെ എസ് കുളങ്ങര വീട്ടിൽ മരവന്ത, കാവഞ്ചേരി – 676561 **പ്രസിഡണ്ട്**	7736247400	പുറത്തൂർ	പുറത്തൂർ 2, 3, 4, 5, 14, 15, 16, 17
2	മുഹമ്മദ് അമീൻ കെ പി കക്കോട്ടു പുതിയപുരയിൽ പുറത്തൂർ, പുറത്തൂർ പി ഒ – 676102 **വൈസ് പ്രസിഡണ്ട്**	9747295334	പുതുപ്പള്ളി	പുറത്തൂർ 6,7,8,9,10,11,12,13
3	ഇ കെ സുസ്മിത കല്പഴമന തുപ്രങ്ങോട്, തുപ്രങ്ങോട് – 676108 **ചെയർ പേഴ്സൺ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി**	7994524859	പൂഴിക്കുന്ന്	തുപ്രങ്ങോട് 1,2,3,4,5,6,7,8
4	ഫക്രുദ്ധീൻ അലി കെ കൊട്ടാരത്ത് ഹൗസ് പല്ലാർ വൈരങ്കോട് പോസ്റ്റ്, 676301 **ചെയർ പേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**	8086862319	വൈരങ്കോട്	തിരുന്നാവായ 1,2,3,4,21,22,23,24
5	താഹിറ എം മുണ്ടേക്കാട്ട് തൊട്ടിയിൽ ഹൗസ് പൂക്കൈത മാങ്ങാട്ടിരി പോസ്റ്റ്, 676105 **ചെയർ പേഴ്സൺ, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി**	9745871085	തെക്കൻ കുറ്റൂർ	തലക്കാട് 9,10,11,12,13,16,17,18
6	സിദ്ധീഖ് പി പുതിയകത്ത് ഹൗസ് പറവണ്ണ പറവണ്ണ പോസ്റ്റ്, 676502	9539828218	പറവണ്ണ	വെട്ടം 1,2,18,21,22, മംഗലം 1,20,21
7	അബ്ദുൽ റഷീദ് കെ കുന്നത്തകത്ത് ഹൗസ് പരിയാപുരം പച്ചാട്ടിരി പോസ്റ്റ്, 676105	9037451709	പച്ചാട്ടിരി	വെട്ടം 3,4,5,6,7,8,9,10
8	ഫാത്തിമ എം മുക്കാട്ടിൽ ഹൗസ് പരിയാപുരം പച്ചാട്ടിരി പോസ്റ്റ്, 676105	8113899091	വെട്ടം	വെട്ടം 11,12,13,14,15,16,17,19,20

9	ഫാത്തിമത്ത് സുഹറ വി ടി വളവത്ത് തറയിൽ ഹൗസ് കണ്ണംകുളം ബി പി അങ്ങാടി പോസ്റ്റ്, 676102	9745177393	പുല്ലൂർ	തലക്കാട് 2,3,4,5,6,7,8
10	റഹ്മത്ത് സി പി ചിറ്റകത്ത് പൊറ്റമ്മൽ ഹൗസ് തിരുന്നാവായ തിരുന്നാവായ പോസ്റ്റ്, 676301	871422529	പട്ടർ നടക്കാവ്	തിരുന്നാവായ 5,6,7,8,9,10,19, 20
11	പ്രജീഷ് സി പി ചങ്ങരം പറമ്പിൽ ഹൗസ് വാവൂർ കുന്ന് കോടക്കൽ പോസ്റ്റ്, 676108	9605471116	തിരുന്നാവായ	തിരുന്നാവായ 12,13,14,15,16,17 ,18
12	അബ്ദുൽ ഫുക്കാർ എം പി മേപ്പാട്ട് പുതിയപുരയിൽ ഹൗസ് കോലൂപാലം പൊയിലിസ്സേരി പോസ്റ്റ്, 676102	9495343470	ആലത്തിയൂർ	തൃപ്രങ്ങോട് 16,18,19,20,21,2 2,23,24
13	മിസ്രിയ ഇബ്രാഹിം കെ കല്ലുവെട്ടിക്കൽ ഹൗസ് കുരിക്കൾപ്പടി വെട്ടം – പള്ളിപ്പുറം പോസ്റ്റ് 676102	8943717112	ചമ്രവട്ടം	തൃപ്രങ്ങോട് 9,10,11,12,13,14,1 5,17
14	ഹാരിഫ പൂതേരി പൂതേരി ഹൗസ് ചെറുപുന്ന മുട്ടന്തൂർ പോസ്റ്റ്, 676561	8592069378	വാളമരുതൂർ	മംഗലം 7,14,13,12,11, 10,9
15	ഇബ്രാഹിം കുട്ടി ടി പി തയ്യിൽകണ്ടി പള്ളിവളപ്പിൽ ഹൗസ് ചേന്നര ചേന്നര പോസ്റ്റ്, 676561	9447881791	മംഗലം	മംഗലം 8,4,2,3,5, 6,15,17
16	ആസിഫ കെ കളരിപ്പറമ്പിൽ ഹൗസ് ബി പി അങ്ങാടി ബി പി അങ്ങാടി പോസ്റ്റ് 676102	9544428259	മാങ്ങാട്ടിരി	തലക്കാട് 1,22,21,19,20, 14,15
17	മുഹമ്മദ് ഹനീഫ് കെ വി കുറുപ്പം വീട്ടിൽ ഹൗസ് പടിഞ്ഞാറേക്കര പടിഞ്ഞാരേക്കര പോസ്റ്റ്, 676562	9846360380	കൂട്ടായി	പുറത്തൂർ 18,19,20,1 മംഗലം 16,18,19

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരുടെയും സെക്രട്ടറിമാരുടെയും ഫോൺ നമ്പർ					
ക്രമ നമ്പർ	ഗ്രാമപഞ്ചായത്ത്	പ്രസിഡണ്ടിൻറെ പേര്	പ്രസിഡണ്ട് ഫോൺ നമ്പർ	സെക്രട്ടറി പേര്	സെക്രട്ടറി ഫോൺ നമ്പർ
1	പുറത്തൂർ	ജസ്ല ബാനു.എ	7025847977	വിഷ്ണു പ്രസാദ്	9496047953
2	തലക്കാട്	മുബാറക് വി.പി	8943659459	ലത.എം	9496047955
3	തൃപ്രങ്ങോട്	മുജീബ് പൂളക്കൽ	8086693636	സജിത്ത് കെ.പി	9496047957
4	വെട്ടം	സക്കീന	9846211499	ജിതിൻ.കെ	9496047959
5	തിരുന്നാവായ	മുഹമ്മദ് കോയ	9846586312	ശ്രീലക്ഷ്മി.കെ	9496047961
6	മംഗലം	സി.എം.റംല	9745417405	ബീരാൻകുട്ടി അരീക്കാട്ടിൽ	9496947963

ബ്ലോക്ക് പഞ്ചായത്ത് ഘടക സ്ഥാപനങ്ങൾ

നിർവഹണ ഉദ്യോഗസ്ഥർ	ഓഫീസ് ഫോൺ	മൊബൈൽ (CUG)	e-Mail
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	0494-2422696	8281040618	bdotirmlpker@gmail.com
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW Sub Division	0494-2422696	9446607487	aeelsgdtirur@gmail.com
ശിശു വികസന പദ്ധതി ഓഫീസർ, തിരൂർ	0494-2424189	9188959859	cdpotirur@gmail.com
പട്ടിക ജാതി വികസന ഓഫീസർ	0494-2422696		scdotirur@gmail.com
അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	0494-2430374		adatirur@gmail.com
ക്ഷീര വികസന ഓഫീസർ	0496-2422696	9539671374	6dairytirur@gmail.com
വ്യവസായ വികസന ഓഫീസർ	0494-242269	9188127168	ieo.tiru@gmail.com
മെഡിക്കൽ ഓഫീസർ, സി എച്ച് സി വെട്ടം	0494-2971001		mophcvettom@gmail.com
മെഡിക്കൽ ഓഫീസർ, സി എച്ച് സി പുറത്തൂർ	9447698486		mochcpurathur@gmail.com
ശിശു വികസന പദ്ധതി ഓഫീസർ, തിരൂർ അഡീഷണൽ, ആലത്തിയൂർ	0494-2567600	9188959860	alathiyuricds@gmail.com

ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ

കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും , നാലാം പട്ടിക
(172-ാ00 വകുപ്പ് (1-ാ00 ഉപവകുപ്പ് കാണുക))

എ. പൊതുവായ ചുമതലകൾ

1. ബ്ലോക്ക് തലത്തിൽ സർക്കാർ സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക.
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

ബി. മേഖല അടിസ്ഥാനത്തിലുള്ള ചുമതലകൾ

I. കൃഷി

1. ഗ്രാമീണ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. ഗ്രാമീണതലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിർദ്ദേശങ്ങൾ ഏർപ്പെടുത്തുക.
3. കാർഷിക പ്രദർശനങ്ങൾ നടത്തുക.
4. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർത്തടങ്ങൾ പരിപാലിക്കുക.
5. കാർഷിക വായ്പ സംഘടിപ്പിക്കുക.
6. പട്ടത്തൽ കൃഷി പ്രോത്സാഹിപ്പിക്കുക.

II. മൃഗസംരക്ഷണവും ക്ഷീരോല്പ്പാദനവും

1. വെറ്ററിനറി പോളിക്ലിനിക്കുകളും മേഖലാകൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.
2. മൃഗസംരക്ഷണത്തിൽ വിദഗ്ധ സേവനം നൽകുക.
3. കന്നുകാലി , കോഴി പ്രദർശനങ്ങൾ നടത്തുക.

III. ചെറുകിട ജലസേചനം

ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.

IV. മത്സ്യബന്ധനം

1. പരമ്പരാഗത കടവുകളുടെ വികസനം.

V. ചെറുകിട വ്യവസായം

2. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
3. എസ്.എസ്.ഐ യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
4. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക.

VI. ഭവന നിർമ്മാണം

1. ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക.
2. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക

VII. വിദ്യുച്ഛക്തിയും ഊർജ്ജവും

1. പരമ്പരേ്യതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക

VIII. വിദ്യാഭ്യാസം

2. സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്

IX. പൊതുമരാമത്ത്

1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക
2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക

X. പൊതുജനാരോഗ്യവും ശുചീകരണവും

1. ബ്ലോക്ക് പഞ്ചായത്തിൻറെ പരിധിയിൽ എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക

XI. സാമൂഹ്യ ക്ഷേമം

1. ഐ.സി.ഡി.എസ്.കൾ നടത്തുക

XII. ദാരിദ്ര്യ നിർമ്മാർജ്ജനം

1. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക
2. പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടുകൂടിയ തൊഴിൽ നൽകുകയും ചെയ്യുക

XIII. പട്ടികജാതി/പട്ടികവർഗ്ഗ വികസനം പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക

1. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക

XIV. സഹകരണം ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക

1. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക

പൗരാവകാശ രേഖ എന്ത്? എന്തിന്?

ലക്ഷ്യവും ഉള്ളടക്കവും

ഈ സ്ഥാപനത്തിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്? സേവനങ്ങൾ ആർക്കെല്ലാം എപ്പോൾ? എങ്ങനെ? ഏത് നിബന്ധനകളുടെ അടിസ്ഥാനത്തിൽ, എത്ര ദിവസത്തിനുള്ളിൽ ലഭിക്കും എന്നിവയാണ് ഈ പൗരാവകാശ രേഖയുടെ പ്രധാനമായ ഉള്ളടക്കം. ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും ലഭ്യമാക്കുക, സംശയങ്ങൾ ദൂരീകരിക്കാനുള്ള അവസരവും സന്ദർഭവും ഉണ്ടാവുക, ആരോടും പക്ഷപാതിത്വം കാണിക്കുന്നില്ലെന്ന് ഉറപ്പ വരുത്തുക, എപ്പോഴും ബന്ധപ്പെടാനും സേവനങ്ങൾക്കായി സമീപിക്കാനുള്ള സംവിധാനം ഒരുക്കുക, പരാതികൾ പരിഹരിക്കുക, ഈ സ്ഥാപനത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്വം സമർപ്പണവും വിശ്വസ്തതയും എപ്പോഴും പാലിക്കുക, സ്ഥാപനവും ജനങ്ങളും തമ്മിൽ സൗഹാർദ്ദപരമായ ബന്ധം ഉറട്ടി ഉറപ്പിക്കുക എന്നീ കാര്യങ്ങളാണ് സ്വാഭാവികമായും ഈ പൗരാവകാശ രേഖയിൽ വിവരിക്കുന്നത്. അർഹമായ എല്ലാവർക്കും പരാതിക്കിടയിടാതെ നൽകുന്ന വിധം സേവനങ്ങൾ നൽകാനുള്ള ഈ സ്ഥാപനത്തിന്റെ ബാധ്യത പൗരാവകാശ രേഖയിലൂടെ ഉറപ്പ് വരുത്തുന്നു. ഭരണ സുതാര്യതയും കാര്യക്ഷമതയുമുള്ള ഒരു സാക്ഷ്യപത്രം കൂടിയാണ് പൗരാവകാശ രേഖ.

സ്ഥാപനത്തിന്റെ ദർശനം, ദൗത്യം, കാഴ്ചപ്പാട്

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമാണ് ഈ സ്ഥാപനം. പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം എന്നിവ ലക്ഷ്യമാക്കിയുള്ള കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സമഗ്ര വികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തു വരുന്നു. ഈ സ്ഥാപനത്തിന്റെ ദീർഘദൂര കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ എന്നിവ താഴെ പറയുന്നവയാണ്.

1. ഗ്രാമീണ സമ്പദ് ഘടനയുടെ വളർച്ചയും വികാസവും.
2. ദാരിദ്ര്യ നിർമ്മാർജ്ജനവും പ്രാദേശിക സാമ്പത്തിക വികസനവും.
3. എല്ലാ ദരിദ്ര ജനവിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ.
4. എല്ലാവർക്കും ആരോഗ്യ സുരക്ഷ, ശുചിത്വ പരിസരം.
5. സമഗ്ര കാർഷിക വികസനം, ക്ഷീരവികസനം, മൃഗസംരക്ഷണം.
6. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം.
7. ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

പട്ടികജാതി-പട്ടികവർഗ്ഗക്കാർ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ, അഗതികൾ വൃദ്ധജനങ്ങൾ മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ സാമൂഹ്യ സുരക്ഷ കൂടാതെ പഞ്ചായത്തീരാജ് നിയമത്തിന്റെ 4-ാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുള്ള ചുമതലകൾ താഴെ പറയുന്നവയാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണവും ലക്ഷ്യങ്ങളിൽപ്പെടുന്നു.

ഈ സ്ഥാപനത്തിന്റെ ഘടനയും പ്രധാന ചുമതലകളും

പഞ്ചായത്ത് രാജ് നിയമപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതിയാണ് ഈ സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. അംഗങ്ങളും 6 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും അടങ്ങുന്നതാണ് ഭരണസമിതി. ഭരണസമിതിയിലെ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ചെയർമാൻമാരും, അംഗങ്ങളും ഉൾക്കൊള്ളുന്ന ധനകാര്യം, വികസനകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നീ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഭരണസൗകര്യത്തിനായി രൂപീകരിച്ചിട്ടുണ്ട്. ജനറൽ കമ്മിറ്റിയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും യോഗം ചേർന്നാണ് ഈ സ്ഥാപനത്തിന്റെ ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നത്. വിവിധ പദ്ധതികളുടെ ആസൂത്രണം പദ്ധതി രൂപീകരണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ സ്വാഭാവികമായും ഭരണ ചുമതലകളിൽപ്പെടുന്നു. ഇവ കൂടാതെ വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളും മാർഗ്ഗരേഖകൾ അനുസരിച്ച് നിർവ്വഹണം നടത്തുന്നു. ഈ ഭരണ സംവിധാനത്തിന്റെ മുഖ്യഘടകമാണ് ഉദ്യോഗസ്ഥ സംവിധാനം.

ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് / ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

നമ്പർ	തസ്തികയുടെ പേര്	ചുമതലകൾ
1	ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ / ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി / ബ്ലോക്ക് പ്രോഗ്രാം ഓഫീസർ	ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസിന്റെയും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെയും മേധാവി. ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ദേശീയ സമ്പാദ്യ പദ്ധതി എന്നിവയുടെ നടത്തിപ്പ് ചുമതല
2	അസിസ്റ്റൻറ് സെക്രട്ടറി/ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ (ഇ.ജി.എസ്)	ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഏൽപ്പിക്കുന്ന എല്ലാ ജോലികളും.
3	സീനിയർ എക്സ്റ്റൻഷൻ ഓഫീസർ	വാർഷിക പദ്ധതി അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, ദേശീയ സമ്പാദ്യ പദ്ധതി, സമ്പൂർണ്ണ ശുചിത്വ യജ്ഞം അതി ദാരിദ്ര്യ നിർണ്ണയ പ്രക്രിയ കേരളീയം എന്നിവയുടെ ബ്ലോക്ക് തല കോ-ഓർഡിനേറ്റർ സന്നദ്ധത, ഓഫീസ് ആസ്തികളുടെ മേൽനോട്ട ചുമതല, ബ്ലോക്ക് സംബന്ധമായ മറ്റ് പൊതു കാര്യങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി എക്സ് ഒഫിഷ്യോ അംഗം.
4	സീനിയർ എക്സ്റ്റൻഷൻ	പ്രധാനമന്ത്രി ആവാസ് യോജന (പി എം എ വൈ)

	ഓഫീസർ (ഹൗസിംഗ്)	ഉൾപ്പെടെയുള്ള എല്ലാ ഭവന നിർമ്മാണ പദ്ധതികൾ, ലൈഫ് മിഷൻ ബ്ലോക്ക് തല കോ-ഓർഡിനേറ്റർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എക്സ് ഒഫിഷ്യോ അംഗം.
5	സീനിയർ എക്സ്റ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം)	ജാഗ്രതാ സമിതി കൺവീനർ, ബി എൽ ബി സി ചാർജ് ഓഫീസർ, പരിശീലന പരിപാടികളുടെ മേൽ നോട്ടം, ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി എക്സ് ഒഫിഷ്യോ അംഗം, എം ജി എൻ ആർ ഇ ജി എസ് ഐ.ഇ.സി/ ടെയിനിംഗ് ചാർജ്.
6	എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് & മോണിറ്ററിംഗ്)	കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളുടെയും പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കുക, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ട് വിവരങ്ങൾ എന്നിവയുടെ മേൽ നോട്ടം, ഭരണ സമിതി മിനിട്സ്, സ്റ്റാഫ് മീറ്റിംഗ് ഉൾപ്പെടെയുള്ള യോഗങ്ങളുടെയും സമ്മിറി മിനിട്സ് തയ്യാറാക്കുക.
7	ക്ലർക്ക് (സി 1 സെക്ഷൻ)	ഇലക്ഷൻ (തദ്ദേശ, നിയമസഭ, ലോക്സഭ,)സെൻസസ് കാസ്റ്റ് സെൻസസ്, ദേശീയ സമ്പാദ്യ പദ്ധതി, എം.പി.ലാർഡ്സ്.
8	ക്ലാർക്ക് (സി 2 സെക്ഷൻ)	ജീവനക്കാര്യം (സ്പാർക്ക്, പി.എഫ്, ജി.പി.എഫ് ഉൾപ്പെടെ), ആസ്തിവിവരങ്ങൾ, BIMS (DDO Draft - ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്), സ്റ്റാർട്ടപ്പ് വില്ലേജ് , ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി, മെയിന്റനൻസ് പ്ലാൻ, ജനറൽ പർപ്പസ് ഫണ്ട്, ബഡ്ജറ്റ് (ബ്ലോക്ക് പഞ്ചായത്ത്), ഐ.കെ.എം, വാങ്ങലുകൾ, ആസ്തി രജിസ്റ്റർ, വാഹനങ്ങൾ, എ.ജി.എൻ.ആർ.ഇ.ജി.എസ്, BIMS (DDO Draft - ബ്ലോക്ക് പഞ്ചായത്ത്)
9	ക്ലർക്ക് (സി 3 സെക്ഷൻ)	ഔദ്യോഗിക ഭാഷ (മലയാളം),കേരളോത്സവം, സേവനാവകാശം,എസ്.ഡി.എഫ്.എം.എൽ.എ., പി.എം.എ.വൈ(ജി) / ഐ.എ.വൈ., ലൈഫ് പാർപ്പിട പദ്ധതി, സ്റ്റേഷനറി, നബാർഡ് (ആർ.ഐ.ഡി.എഫ്), സ്റ്റേറ്റ് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ്, എ.ജി. ഓഡിറ്റ്(സെക്രട്ടറി),ഗ്രാമലക്ഷ്മി,ലേലം, ടി.എസ്.സി/ സ്വച്ഛ് ഭാരത് മിഷൻ, സാക്ഷരതാ പ്രേരക്, വാടക കെട്ടിടങ്ങൾ, ദുരന്ത നിവാരണം, നിയമസഭാ ചോദ്യങ്ങൾ, എ.ജി ഓഡിറ്റ് (ഐ.ആർ), പി.ഡി/ ടി.ആർ/ സെക്രട്ടറി (ലോക്കൽ ഫണ്ട്) ഓഡിറ്റ് മറുപടി, മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരം, ജില്ലാ കളക്ടറുടെ പരാതി പരിഹാര അദാലത്ത് ഉൾപ്പെടെ എല്ലാ പരാതികളും, വിവരാവകാശം (അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ), മറ്റ്

		സെക്ഷനുകൾക്ക് നൽകിയിട്ടില്ലാത്ത ചുമതലകൾ
10	പ്രോജക്ട് അസിസ്റ്റന്റ്	കേ ന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം, ഇ ഗ്രാം സ്വരാജ് പോർട്ടൽ കൈകാര്യം ചെയ്യൽ, ജിയോ ടാഗിങ്, ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും ഉൾപ്പെടെയുള്ള എല്ലാ പരിശീലനങ്ങളും, കോൺഫറൻസ് ഹാൾ ബുക്കിംഗ്,
11	യു ഡി ടൈപ്പിസ്റ്റ്	ടൈപ്പിംഗ്, ശരിപ്പകർപ്പ്, ഇമെയിൽ, തപാൽ വിതരണം, തപാൽ അയക്കൽ, തപാൽ അയക്കൽ രജിസ്റ്റർ, കെ സ്മാർട്ട് തപാൽ രേഖപ്പെടുത്തലുകൾ.
12	ഹെഡ് അക്കൗണ്ടന്റ്	ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിന്റെയും, എം ജി എൻ ആർ ഇ ജി എസ് ന്റെയും എല്ലാ അക്കൗണ്ടുകളും കൈകാര്യം ചെയ്യൽ (ചെക്ക് ബുക്ക്, വൗച്ചറുകൾ, ബാങ്ക് ബുക്ക് മുതലായവ), സംഖ്യ സോഫ്റ്റ്വെയർ, ക്യാഷ് ബുക്ക്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എക്സ് ഒഫീഷ്യോ അംഗം, ആസ്തി രജിസ്റ്റർ, ബഡ്ജറ്റ്, വാർഷിക ധനകാര്യ പത്രിക, ഇൻകംടാക്സ് റിട്ടേൺ (24Q & 26 Q), ജി എസ് ടി റിട്ടേൺ.
13	ഹെഡ് ക്ലാർക്ക്	ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ സെക്രട്ടറിയെ സഹായിക്കൽ, എല്ലാ സെക്ഷനുകളുടെയും മേൽനോട്ടം, ഹാജർ രജിസ്റ്റർ, ക്യാഷ് ചെസ്റ്റിന്റെ ചുമതല, ബ്ലോക്ക് പഞ്ചായത്ത് പദ്ധതി രൂപീകരണം, ക്യാഷ് ബുക്ക് (ബി ഡി ഒ), വിവരാവകാശം (സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ), കോൺഫറൻസ് ഹാൾ ബുക്കിംഗ്, വാടക പിരിക്കൽ, eTR5, വാല്യുബിൾ രജിസ്റ്റർ
14	ഓഫീസ് അറ്റന്റന്റുമാർ	ഓഫീസിലെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട സഹായം നൽകൽ
15	പാർട്ട് ടൈം സ്വീപ്പർ	ഓഫീസും പരിസരവും വൃത്തിയാക്കൽ
16	അക്രഡിറ്റഡ് എൻജിനീയർ - MGNREGS	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളുടെയും ചുമതല
17	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	MGNREGSമഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും വിവരങ്ങളും

ഈ സ്ഥാപനത്തിലേക്ക് കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥർ

1	എഞ്ചിനീയറിംഗ് വിഭാഗം (LID&EW)	അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ അനുബന്ധ തസ്തികകളും
2	ആരോഗ്യ വകുപ്പ്	സി എച്ച് സി വെട്ടം - മെഡിക്കൽ ഓഫീസറും അനുബന്ധ തസ്തികകളും
3	ആരോഗ്യ വകുപ്പ്	സി എച്ച് സി പുറത്തൂർ - മെഡിക്കൽ ഓഫീസറും അനുബന്ധ തസ്തികകളും
4	കൃഷി വകുപ്പ്	അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, അനുബന്ധ തസ്തികകളും
5	വനിതാ ശിശു വികസന വകുപ്പ്	ഐ സി ഡി എസ്, തിരൂർ - ശിശുവികസന പദ്ധതി ഓഫീസറും അനുബന്ധ തസ്തികകളും
6	വനിതാ ശിശു വികസന വകുപ്പ്	ഐ സി ഡി എസ് തിരൂർ അഡീഷണൽ - ശിശുവികസന പദ്ധതി ഓഫീസറും അനുബന്ധ തസ്തികകളും
7	ക്ഷീരവികസന വകുപ്പ്	ക്ഷീര വികസന ഓഫീസർ
8	പട്ടികജാതി വികസനം	പട്ടികജാതി വികസന ഓഫീസർ
9	വ്യവസായ വകുപ്പ്	വ്യവസായ വികസന ഓഫീസർ

പ്രാദേശിക സാമ്പത്തിക വികസനം

ഓരോ വർഷവും സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിലൂടെ ലഭ്യമാകുന്ന വികസന ഫണ്ട്, മെയിൻ്റനൻസ് ഫണ്ട്, ഇവ ഉപയോഗിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് പ്രാദേശിക വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രാമസഭ, സ്റ്റോക്ക് ഹോൾഡേഴ്സ് യോഗങ്ങൾ, പഞ്ചായത്ത് സമിതി എന്നിവ ചർച്ച ചെയ്താണ് പദ്ധതികൾക്ക് രൂപം നൽകുന്നത്.

ഉൽപ്പാദനമേഖല, അടിസ്ഥാന സൗകര്യം, സേവന മേഖല, എന്നിവയ്ക്ക് സർക്കാർ മാനദണ്ഡ പ്രകാരം നിശ്ചിത തുക വകയിരുത്തിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇത് ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതോടെ പദ്ധതികൾ നിർവ്വഹണം നടത്തുന്നു.

നിലവിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്തുവാൻ അനുവാദമില്ല. ഭവന നിർമ്മാണം, ശാരീരികമായും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കുള്ള പദ്ധതികൾക്ക് മാത്രം സർക്കാർ പ്രത്യേകം അനുവാദം നൽകിയിട്ടുണ്ട്. പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ താൽപര്യമുള്ള വ്യക്തി

പരിഗണനയ്ക്കായി പൊതുജനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്. കൃഷി, ചെറുകിട ജലസേചനം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം, ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ രണ്ട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്നിവ ഇവയിൽപ്പെടുന്നു.

പദ്ധതികൾ നടപ്പിലാക്കുന്നത് അതാത് മേഖലകളിൽ ചുമതല വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരാണ്. അവരിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ യഥാസമയം ഫലപ്രദമായും സുതാര്യമായും നടപ്പിലാക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നത് മോണിറ്ററിംഗ് സമിതികളാണ്. ഓരോ വികസന മേഖലയിലും പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നത്. ഈ സമിതികളുടെ വിലയിരുത്തൽ റിപ്പോർട്ടുകൾ കൂടി പരിഗണിച്ച കൊണ്ടായിരിക്കണം ഭരണസമിതിയിൽ ഭാവി പ്രവർത്തനങ്ങൾ വിലയിരുത്തിപ്പോകേണ്ടത്.

വിബിജി റാം ജി പദ്ധതി (വികസിത് ഭാരത് - ഗ്യാരൻറി ഫോർ റോസ്ഗാർ ആൻറ് അജീവിക മിഷൻ ഗ്രാമീൺ)

അവിദഗ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 125 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്ന പദ്ധതിയാണിത്.

അർഹത

- പഞ്ചായത്തിൽ സ്ഥിരതാമസമായിരിക്കണം

- 18 വയസ്സ് പൂർത്തിയായിരിക്കണം
- ഉയർന്ന പ്രായപരിധിയില്ല
- എ.പി.എൽ/ബി.പി.എൽ വ്യത്യാസം ഇല്ല
- ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യണം
- രജിസ്റ്റർ ചെയ്ത് 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകും
- കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം
- ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം
- അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം, നഷ്ടപരിഹാരം എന്നിവക്ക് അർഹത
- ആകെ തൊഴിലിന്റെ മൂന്നിൽ ഒരു ഭാഗം സ്ത്രീകൾക്ക്
- ഒരു വർഷം ഒരു കുടുംബത്തിന് 125 ദിവസം തൊഴിൽ ഉറപ്പ്
- താമസ സ്ഥലത്തിന് 5 കിലോമീറ്ററിനുള്ളിൽ ജോലി. 5 കിലോമീറ്ററിന് പുറമെയാണെങ്കിൽ 10% അധികം കൂലി
- തൊഴിലാളികൾക്കുള്ള വേതനം 7 മുതൽ 14 ദിവസത്തിനകം
- കുടിവെള്ളം, തണൽ സൗകര്യം, പ്രഥമ ശുശ്രൂഷ സൗകര്യം എന്നിവ പണി സ്ഥലത്ത്
- വേതനം ബാങ്ക് അക്കൗണ്ട് മുഖേനെ
- പരിക്കു പറ്റിയാൽ ചികിത്സ സൗകര്യം
- മരണം/അംഗ വൈകല്യം എന്നിവക്ക് ധനസഹായം
- 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് (കുറഞ്ഞത് 5 കുട്ടികൾക്ക്) ആയ.

ബി.പി.ഒ (ബ്ലോക്ക് പ്രോഗ്രാം ഓഫീസർ) മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ

- രജിസ്ട്രേഷൻ നിഷേധിക്കൽ, തൊഴിൽ കാർഡ് ലഭിക്കാതിരിക്കൽ എന്നിവയിൽ നടപടി
- തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി
- കൃത്യസമയത്ത് വേതനം ലഭിച്ചില്ലെങ്കിൽ അത് ലഭ്യമാക്കാനുള്ള തുടർ നടപടികൾ
- ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നു.
- കാര്യക്ഷമമായ വിലയിരുത്തൽ
- സോഷ്യൽ ഓഡിറ്റ് നടത്തൽ
- പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ട ചുമതല
- മാസ്റ്റർ റോൾ വിതരണം, മോണിറ്ററിംഗ്
- പദ്ധതി പ്രവർത്തികളുടെ കാര്യക്ഷമത, ഗുണനിലവാരം, തൊഴിലാളികളുടെ അവകാശങ്ങൾ,

- ഫണ്ട് ദുരുപയോഗം തടയൽ എന്നിവയിൽ ജാഗ്രതയോടെയുള്ള നിരീക്ഷണം

മറ്റ് സേവനങ്ങൾ

- ബി.പി.എൽ സർട്ടിഫിക്കറ്റ്

ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് ഈ സ്ഥാപനത്തിൽ നിന്നാണ്. ഇതിനായി വെള്ള കടലാസിൽ അപേക്ഷ നൽകുകയും അപേക്ഷകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപത്രം നൽകുകയും വേണം. അപേക്ഷിക്കുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

- പി.എം.എ.വൈ

ദരിദ്ര ജനവിഭാഗങ്ങൾക്ക് പുതിയ ഭവന നിർമ്മാണത്തിനുള്ള ധന സഹായം

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി. എം എ വൈ പദ്ധതിയിലൂടെയാണ് പുതിയ ഭവന നിർമ്മാണത്തിന് ദരിദ്രജനവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നത്.

അർഹത

- ബി പി എൽ കുടുംബം ആയിരിക്കണം.
- വീടുകളുടെ തറ വിസ്തീർണ്ണം 25 ച. മീറ്ററിനും 66 ച. മീറ്ററിനും ഇടയിലായിരിക്കണം.
- ഇപ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് പ്രാദേശികമായി അനുയോജ്യമായ മേൽക്കൂര , മഴവെള്ള സംഭരണ സംവിധാനം ശുചിത്വകക്കൂസ് വയറിംഗ് പുകയില്ലാത്ത അടുപ്പ് കുടിവെള്ള സംവിധാനം എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.
- വീടുകൾക്ക് ആസ്ബറ്റോസ് മേൽക്കൂര പാടില്ല.
- കുടുംബനാഥയായ വനിതയുടെ പേരിലാണ് വീട് അനുവദിക്കുന്നത് . ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ കൂട്ടായും അനുവദിക്കും. വാസയോഗ്യമായ വീട് ഇല്ലാത്തവരായിരിക്കണം.
- ഗ്രാമ പ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റ് വസ്തു സ്വന്തമായി ഉണ്ടായിരിക്കണം.
- അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.

ധനസഹായ പരിധി

ജനറൽ വിഭാഗം : 400000/-

പട്ടിക ജാതി വിഭാഗം : 400000/-

പട്ടികവർഗ്ഗ വിഭാഗം : 400000/-

ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ

അംഗങ്ങളായ കുടുംബം : 400000/-

ഓരോ വിഭാഗത്തിനുമുള്ള ശതമാനം

ജനറൽ വിഭാഗം : 40 %

പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗം : 60 %

(ആകെയുള്ള വീടുകളുടെ 15 %, മതന്യൂനപക്ഷ വിഭാഗങ്ങൾക്കും 3 % ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കും)

- **സമ്പൂർണ്ണ ശുചിത്വ യജ്ഞം** (TSC)

ആയുർദൈർഘ്യ വർദ്ധനവും കുറഞ്ഞ ശിശുമരണ നിരക്കും നമ്മുടെ ആരോഗ്യ രംഗത്തെ മികച്ച നേട്ടങ്ങളാണെങ്കിലും വർദ്ധിച്ച തോതിലുള്ള രോഗാതുരത ഈ നേട്ടങ്ങളെ നിഷ്പ്രഭമാക്കുന്നു. ജലജന്യങ്ങളായ പകർച്ചവ്യാധികളിൽ നിന്നുള്ള മോചനത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും വലിയ പ്രാധാന്യമാണ് ഉള്ളത് .എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സാനിറ്ററി കക്കൂസുകൾ നിർമ്മിക്കുക , കുടിവെള്ളം സുരക്ഷിതമായി കൈകാര്യം ചെയ്യുക ഖര - ദ്രാവക മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം നടത്തുക , വ്യക്തി ശുചിത്വം ,ഗൃഹ ശുചിത്വം സമൂഹ ശുചിത്വം ഇവ പാലിക്കുക എന്നീപ്രവർത്തനങ്ങളിലൂടെ ജലജന്യ രോഗങ്ങളിൽ നിന്നും സംസ്ഥാനത്തെ വിമുക്തമാക്കാൻ സാധിക്കുകയുള്ളൂ. ഈ സൗകര്യം സാക്ഷാത്കരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC)

പദ്ധതിയുടെ ഉദ്ദേശങ്ങൾ

1. ഗ്രാമീണ പൊതു ജീവിത നിലവാരത്തെ ഉയർത്തുക
2. ഗ്രാമ പ്രദേശങ്ങളിൽ ശുചിത്വ ആരോഗ്യ പരിപാടികൾ മെച്ചപ്പെടുത്തുക
3. ബോധവൽക്കരണം , ആരോഗ്യ വിദ്യാഭ്യാസം എന്നിവ വഴി ശുചിത്വാരോഗ്യത്തിന്റെ ആവശ്യകത വളർത്തുക
4. സ്കൂളുകളിൽ പ്രാഥമിക ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുക . അത് വഴി ശുചിത്വ ശീലം കുട്ടികളിൽ വളർത്തുക .
5. ജല ശുചിത്വത്തിന്റെ സ്വഭാവം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ കുറയ്ക്കുക . ജില്ലാ സാനിറ്റേഷൻ സമിതി തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുതല സമിതികളാണ്

തുടർപ്രവർത്തനങ്ങൾ

1. ഗ്രാമ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കി വരുന്ന ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക
2. പൊതു ജനങ്ങളിൽ ശുചിത്വ ബോധം സൃഷ്ടിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്.			
ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയ പരിധി (അപേക്ഷ കിട്ടിയതിനു ശേഷമുള്ള സമയം / ദിവസം)
1	PMAY (G) ഭവന നിർമ്മാണം	PMAY (G) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരിക്കണം സ്വന്തമായി കുടുംബത്തിന് ഭൂമി ഉണ്ടായിരിക്കണം	രേഖകൾ ഹാജരാക്കി 30 ദിവസത്തിനകം
2	PMAY (G) വീടിനുള്ള ധനസഹായം നൽകൽ	ഓരോ പൂർത്തീകരണ ഘട്ടത്തിലും വി ഇ ഒ യുടെ സ്റ്റേജ് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം	സർട്ടിഫിക്കറ്റ് ഹാജരാക്കി 7 ദിവസത്തിനുള്ളിൽ
3	ബി പി എൽ സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ അപേക്ഷ വി ഇ ഒ യുടെ സാക്ഷ്യപത്രം	1 ദിവസം

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വെട്ടം				
ക്രമനം	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം	സമയ പരിധി	കാലപരിധി	ഫീസ്
1	അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. രോഗികളെ പരിശോധിക്കുകയും ചികിത്സ നിർണ്ണയിക്കുകയും മരുന്ന് വിതരണം ചെയ്യുന്നതുമാണ്	രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ(ഞായർ 9 മണി മുതൽ 1 മണി വരെ)	സ്ഥിരം	ഒ പി ചാർജ് (Rs 10/-
2	ലാബ് പരിശോധനകൾ-- രക്തം, മൂത്രം എന്നിവയുടെ സാധാരണ പരിശോധന	രാവിലെ 9 മണി മുതൽ 4 മണി വരെ	ഞായർ ഒഴികെ	ലാബ് ചാർജ്
3	ക്ഷയരോഗത്തിനുള്ള കഫം പരിശോധന, മലമ്പനി രോഗത്തിനുള്ള രക്തപരിശോധനരാവിലെ	9 മണി മുതൽ 4 മണി വരെ	ഞായർ ഒഴികെഅവധി ദിവസങ്ങൾ ഒഴികെ	ലാബ് ചാർജ്
4	ജീവിത ശൈലീരോഗ പരിശോധനകൾ	രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ	സ്ഥിരം	ഇല്ല
5	ഗർഭിണികൾക്കുള്ള പ്രത്യേക പരിശോധനയും റ്റി റ്റി നൽകുകയും ചെയ്യുന്നു. എല്ലാ തിങ്കളാഴ്ചയും രാവിലെ 9 മണി മുതൽ 1 മണി വരെ , -	രാവിലെ 9 മണി മുതൽ വൈകുന്നേരം 1 മണി വരെ	സ്ഥിരം	ഇല്ല
6	കുട്ടികളുടെ പ്രതിരോധകുത്തിവെയ്പ്പുകൾ എല്ലാ ബുധനാഴ്ചയും സി എച്ച് സി യിലും മാസത്തിൽ ഒരു തവണ സബ് സെന്ററുകളിലും	രാവിലെ 9 മണി മുതൽ 1 മണി വരെ	സ്ഥിരം	ഇല്ല

7	വികലാംഗ പെൻഷൻ, വാർദ്ധക്യ പെൻഷൻ കിടപ്പിലായവർക്കുള്ള ആനുകൂല്യം എന്നീ പദ്ധതികൾക്കുള്ള അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു	രാവിലെ 9 മണി മുതൽ 1 മണി വരെ(അവധി ദിവസങ്ങൾ ഒഴികെ)	സ്ഥിരം	ഇല്ല
8	സ്ഥാപനങ്ങൾക്കുള്ള സാനിറ്റേഷൻ സർട്ടിഫിക്കറ്റ്	രാവിലെ 10 മണി മുതൽ 1 മണി വരെ(അവധി ദിവസങ്ങൾ ഒഴികെ)	സ്ഥിരം	ഇല്ല
9	വിവിധ ആവശ്യങ്ങൾക്കുള്ള മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്	രാവിലെ 10 മണി മുതൽ 4 മണി വരെ(അവധി ദിവസങ്ങൾ ഒഴികെ)	സ്ഥിരം	150/- (സിവിൽ സർജൻ)
10	പഞ്ചായത്തിലെ അംഗണ വാടികൾ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നു	ചൊവ്വ വ്യാഴം വെള്ളി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ(അവധി ദിവസങ്ങൾ ഒഴികെ)	സ്ഥിരം	ഇല്ല
11	പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം മറ്റ് രോഗ പ്രതിരോധ പരിപാടി എന്നിവ നടത്തുന്നു	നിർബന്ധിത സമയം	കാമ്പെയ്ൻ സമയത്ത്	ഇല്ല
12	ഗർഭിണികൾക്കുള്ള മാർഗനിർദ്ദേശങ്ങൾ, നവജാത ശിശുക്കളുടെ പരിചരണ നിർദ്ദേശങ്ങൾ പ്രതിരോധ ചികിത്സയെ കുറിച്ചുള്ള മാർഗ നിർദ്ദേശങ്ങൾ എന്നിവ ഗൃഹസന്ദർശനം വഴി നൽകുന്നു.	രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ(monday)	സ്ഥിരം	ഇല്ല

13	ഡെങ്കിപ്പനി, എലിപ്പനി തുടങ്ങി പകർച്ച വ്യാധികൾക്കെതിരെയുള്ള ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങൾ	വെള്ളിയാഴ്ച ഉച്ചക്ക് 2 മണി മുതൽ 4 മണി വരെ (അവധി ദിവസങ്ങൾ ഒഴികെ)	സ്ഥിരം	ഇല്ല
14	ഗർഭിണികൾ, കുട്ടികൾ എന്നിവരിൽ കാണുന്ന വിളർച്ച തടയാനുള്ള ഗുളിക വിതരണം	ചൊവ്വാഴ്ച ഉച്ചക്ക് 2 മണി മുതൽ 4 മണി വരെ (അവധി ദിവസങ്ങൾ ഒഴികെ)	സ്ഥിരം	ഇല്ല
15	അന്ധത നിവാരണത്തിനുള്ള വിറ്റാമിൻ എ വിതരണം - ബുധനാഴ്ചകളിൽ	രാവിലെ 9 മണി മുതൽ 1 മണി വരെ (അവധി ദിവസങ്ങൾ ഒഴികെ	സ്ഥിരം	ഇല്ല
16	മലമ്പനി രോഗ നിർണ്ണയത്തിനുള്ള രക്തം ഗൃഹ സന്ദർശനം വഴി എടുക്കൽ	കാമ്പെയ്ൻ സമയത്ത്	സ്ഥിരം	ഇല്ല
17	വയറിളക്കരോഗത്തിനുള്ള പ്രാഥമിക ചികിത്സയ്ക്ക് ഒ ആർ എസ് വിതരണം ചെയ്യൽ	രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ (അവധി ദിവസങ്ങൾ ഒഴികെ	സ്ഥിരം	ഇല്ല
